**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4146** **09-08-2021 - ൽ മറുപടിയ്ക്ക്**

**പൈതൃക ടൂറിസം വ്യാപിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എം.വിജിൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ നവോത്ഥാന മുന്നേറ്റ ചരിത്രം ലോകത്തിന് മുന്നിലെത്തിക്കുന്നതിനും പൈതൃക ടൂറിസം പദ്ധതികൾ വ്യാപിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തിന്റെ നവോത്ഥാന മുന്നേറ്റ ചരിത്രം ലോകത്തിന്റെ മുന്നിലെത്തിക്കുന്നതിനും പൈതൃക ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. ഈ പദ്ധതിയ്ക്ക് വേണ്ടി രൂപീകരിച്ചിട്ടുള്ള മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് എന്ന കമ്പനിയുടെ കീഴിൽ മുസിരിസ് ഹെറിറ്റേജ് പദ്ധതിയ്ക്ക് പുറമേ ആലപ്പുഴ പൈതൃക പദ്ധതി, പൊന്നാനി പൈതൃക പദ്ധതി. തങ്കശ്ശേരി പൈതൃക പദ്ധതി എന്നിവയും പൈതൃക ടൂറിസം വ്യാപിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി എന്നിവയും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | വിനോദസഞ്ചാരികളെ നവോത്ഥാന മുന്നേറ്റ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും നവോത്ഥാന മൂല്യങ്ങൾ പ്രദർശിപ്പിക്കുന്നതിനുമാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; | (ബി) | മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനം നവോത്ഥാന മുന്നേറ്റ ചരിത്രം വിനോദസഞ്ചാരികളിൽ എത്തിക്കുന്നതിന് വേണ്ടി പറവൂരിൽ സഹോദരൻ അയ്യപ്പൻ, കേസരി ബാലകൃഷ്ണപിള്ള എന്നിവരുടെ പേരിൽ മ്യൂസിയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കേശവദേവിന്റെ ഭവനം ഏറ്റെടുത്ത് മ്യൂസിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂരിൽ അബ്ദുൽറഹ്മാൻ സാഹിബിന്റെ പേരിൽ മ്യൂസിയം നിർമ്മിച്ചിട്ടുണ്ട്. പി.എ. സയ്യദ് മുഹമ്മദിന്റെ സ്മാരകമായി കമ്മ്യൂണിറ്റി സെന്റർ നിർമ്മാണ ഘട്ടത്തിലുമാണ് ആലപ്പുഴയിൽ പുന്നപ്ര വയലാർ സമരവുമായി ബന്ധപ്പെട്ടത്തി ലേബർ മ്യൂസിയവും, മഹാത്മാഗാന്ധി മ്യൂസിയവും, നോർട്ടൻ മ്യൂസിയവും നിർമ്മാണ ഘട്ടത്തിലാണ് കേരളവുമായി വാണിജ്യ ബന്ധം പുലർത്തിയിരുന്ന 32 രാജ്യങ്ങളെ ബന്ധപ്പെട്ടത്തി ഒരു സ്പൈസ് റൂട്ട് പ്രോജക്ട്, മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് |

| | | | |
|---|---|---|---|
| | | | വിഭാവനം ചെയ്യുന്നുണ്ട്. അതിന്റെ പ്രാഥമിക നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സ്പൈസ് റൂട്ട് പ്രോജക്റ്റ് നിലവിൽ വരുന്നതോടു കൂടി ധാരാളം ടൂറിസ്റ്റുകൾ ഈ പ്രദേശത്ത്എത്തുന്നതിനും അവരുടെ മുന്നിൽ നവോത്ഥാന മൂല്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും ഈ മ്യൂസിയങ്ങൾ മുഖേന സാധ്യമാകും. |
| (സി) | ഇത്തരം കേന്ദ്രങ്ങളോടനുബന്ധിച്ച് ക്ലാസ്സിക്കൽ കലകളുടെയും നാടൻ കലാരൂപങ്ങളുടെയും പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ? | (സി) | മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സിൽ ക്ലാസ്സിക്കൽ കലകളുടെയും നാടൻ കലാരൂപങ്ങളുടെയും പ്രദർശനങ്ങൾ നടത്തുന്നതിന് വേണ്ടി കോട്ടപ്പുറത്ത് ആംഫി തിയേറ്ററും, ഗോതുരുത്തിൽ പെർഫോമൻസ് സെന്ററും, പി.എ. സയ്യദ് മുഹമ്മദ്സ്മാരകത്തിലുള്ള ഹാളും, മതിലകം ബംഗ്ലാക്കടവ് കമ്മ്യൂണിറ്റി ഹാളും, പതിനെട്ടരയാളം കമ്മ്യൂണിറ്റി ഹാളും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ചേന്ദമംഗലത്തിലുള്ള ഷോപ്പ് ബിൽഡിംഗ്സ്, പൈതൃക കരകൗശല വിദഗ്ധർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വില്പനയ്ക്കും വേണ്ടി അനുവദിച്ചിട്ടുള്ളതാണ്. ക്ഷേത്ര കലകൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്ന തിനും വേണ്ടി പാലിയം ഊട്ടുപുരയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ